__സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന് അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ്പ് ലെയോപോൾദോ ജിറേല്ലി അയച്ച കത്തിന്റെ മലയാള പരിഭാഷ.__

N. 7817/24/IN ന്യൂഡൽഹി, 2നവംബർ 2024

അഭിവന്ദ്യ പിതാവേ,

പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ പ്രിഫെക്റ്റ് കർദിനാൾ ക്ലൗദിയോ ഗുജറോത്തി താഴെ പറയുന്ന കാര്യങ്ങൾ അങ്ങയെ അറിയിക്കാൻ ഈ അപ്പസ്തോലിക് നൂൺഷ്യേച്ചറിലേക്ക് 2024 ഒക്ടോബർ 25-ന് അയച്ച കത്തിലൂടെ (Prot. N. 144/2023) അഭ്യർഥിക്കുകയുണ്ടായി.

അങ്ങേയ്ക്ക് അറിയാവുന്നതു പോലെ, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി 2024 ജൂൺ 9-ൽ നല്കപ്പെട്ട സർക്കുലറിന് എതിരേ പ്രസ്തുത അതിരൂപതയിലെ ചില വൈദികർ പരാതി നല്കുകയുണ്ടായി.

ഇക്കാര്യത്തിൽ, ഈ വിഷയം സൂക്ഷ്മമായി പരിശോധിച്ചശേഷം, പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്:

പരിശുദ്ധ കുർബാനയർപ്പണത്തെ സംബന്ധിച്ചു സീറോമലബാർസഭയുടെ സിനഡ് കൈക്കൊള്ളുകയും മാർപ്പാപ്പ അംഗീകരിക്കുകയുംചെയ്ത തീരുമാനങ്ങളോട് യോജിച്ചു പ്രവർത്തിക്കാനും ഇതുമായി ബന്ധപ്പെട്ടു തെറ്റുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ തിരുത്തുന്നതിനും എല്ലാ സീറോമലബാർ വിശ്വാസികൾക്കുമുള്ള കടമയെയാണ് പ്രസ്തുത സർക്കുലർ ഓർമിപ്പിക്കുന്നത് (cf. CCEO Can. 82 §§1, 2).

സർക്കുലറിലെ രണ്ടാം നമ്പർ പ്രത്യേകം നിഷ്കർഷിക്കുന്നത് മുകളിൽ പറഞ്ഞ തീരുമാനങ്ങളോടുള്ള അനുസരണക്കേട് ശീശ്മയുടെ കാര്യത്തിലുള്ളതുപോലെ മഹറോൻ ശിക്ഷയ്ക്കു കാരണമാകും എന്നാണ് (cf. CCEO Can. 1437).

CCEO Can. 1446 അനുസരിച്ച് മേലദ്ധ്യക്ഷനോടുള്ള - CCEO Can. 984 §1 അനുസരിച്ച് മേലദ്ധ്യക്ഷൻ എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത് പരിശുദ്ധ പിതാവ്, പാത്രിയാർക്കീസ്, മേജർ ആർച്ചുബിഷപ്പ്, ഒരു മെത്രാപ്പോലീത്താ അധ്യക്ഷനായ സ്വയാധികാരസഭയുടെ മെത്രാപ്പോലീത്താ, രൂപതാമെത്രാൻ എന്നിവരേയും നിയമപ്രകാരം ഇവർക്കു തുല്യരായവരെയുമാണ് - അനുസരണക്കേടിനു നിശ്ചയിക്കപ്പെടാത്ത ഒരു ശിക്ഷ നല്കാവുന്നകാര്യമാണ്.

ഇക്കാര്യത്തിൽ, CCEO Can. 1446 പ്രകാരം സർക്കുലറിലെ രണ്ടാം നമ്പറിൽ അനുസരണക്കേട് എന്ന കുറ്റത്തിന് ശിക്ഷയായി വലിയ മഹറോൺ ശിക്ഷ നിശ്ചയിച്ചിരിക്കുന്നു (cf. Can. 1405 §2). കൂടാതെ മെത്രാൻ സിനഡിനെ അനുസരി

ക്കാത്തവർക്കും സമാനമായ വലിയ മഹറോൻ ശിക്ഷ നിശ്ചയിക്കുന്ന പ്രത്യേകനയം ഇതിൽ പ്രതിപാദിക്കുന്നു (cf. CCEO Can. 1405 §1).

പൊതുനിയമമനുസരിച്ച്, സ്വന്തം അതിരൂപതയിൽ നിയമനിർമാണ അധികാരമുള്ള മേജർ ആർച്ചുബിഷപ്പിനു താഴെ പറയുന്ന അധികാരങ്ങൾ ഉണ്ട്:

- പ്രത്യേക ശിക്ഷാനിയമങ്ങൾ നടപ്പിലാക്കാൻ
- ഒരു ഉന്നത അധികാരി പുറപ്പെടുവിച്ച ഒരു സഭാനിയമത്തോട് ഉചിതമായ ശിക്ഷ കൂട്ടിച്ചേർക്കാൻ
- നിർണയിക്കാത്തതും ഐഛികവുമായ ശിക്ഷ പൊതുനിയമം നിർദ്ദേശിക്കുന്ന കാര്യങ്ങളിൽ നിശ്ചിതവും നിർബന്ധിതവുമായ ശിക്ഷ സ്ഥാപിക്കാൻ (cf. CCEO Can. 1405 §1, 2).

മേല്പ്പറഞ്ഞവയുടെയെല്ലാം വെളിച്ചത്തിൽ, മേല്പ്പറഞ്ഞ സർക്കുലറിൽ അടങ്ങിയിരിക്കുന്ന കടമകൾ പൂർണമായും സഭയുടെ ശിക്ഷാനിയമത്തിന് അനുസൃതമായവയാണെന്ന് പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം കണക്കാക്കുന്നു.

കൂടാതെ, പൊതുവായിട്ടുള്ളതല്ലാത്തതും പ്രത്യേകമായതും വ്യക്തിപരമായി ഒരാളെ ലക്ഷ്യം വച്ചിട്ടുള്ളതുമായ ക്രിമിനൽ നടപടിയുടെ സ്വഭാവം സർക്കുലറിന് ഇല്ലാത്തതിനാൽ, സർക്കുലറിന് എതിരേ ചില വൈദികർ സമർപ്പിച്ച അപേക്ഷയെ അപ്പീലായി പരിഗണിക്കാൻ സാധിക്കുകയില്ല.

ഇക്കാരണങ്ങളാൽ, സർക്കുലർ ഒരു പ്രത്യേക വ്യക്തിയെ ഉദ്ദേശിച്ചിട്ടുള്ളതല്ലാത്തതിനാൽ, മുകളിൽ പരാമർശിച്ച അപേക്ഷ പരിഗണിക്കാൻ സാധിക്കുകയില്ല.

അഭിവന്ദ്യപിതാവേ, മുകളിൽ പറഞ്ഞ കാര്യങ്ങൾ പരാതിക്കാരെ അറിയിക്കാൻ അങ്ങയോട് അഭ്യർഥിക്കുന്നു

അങ്ങയുടെ വിലയേറിയ സഹകരണത്തിന് നന്ദി, ഹൃദയംഗമമായ ആശംസകളോടെ നിറുത്തട്ടെ,

ആദരപൂർവം,

**ആർച്ചുബിഷപ്പ് ലെയോപോൾദോ ജിറേല്ലി**
അപ്പസ്തോലിക് ന്യൂൺഷ്യോ

---

His Beatitude
**Most. Rev. Rapahel Thattil**
Major Archbishop of Ernakulam-Angamaly
The Syro-Malabar Major Archiepiscopal Curia
Mount St. Thomas
KOCHI -682 030 (Kerala)